


# 1/4 ഇഞ്ച് സീമിങ്ങ് ഫുട്ട്

**ഈ പരിശീലനപാഠത്തിൽ നിങ്ങൾ ഉഷാ ജനോമി കാൽ ഇഞ്ച് സീമിങ്ങ് ഫുട്ട് ഉപയോഗിക്കുന്നത് എങ്ങനെ എന്ന് പഠിക്കും.**




ഒരു നല്ല തയ്യൽക്കാരന്റെ മിടുക്കാണ് ഈവൻ സീം... ഏതൊരു ജോലിയേയും ഇത് നയനാനന്ദകരമാക്കും... പാച്ച് വർക്ക് ചെയ്യുന്നവർക്ക് ഈവൻ സീം ചെയ്യേണ്ടത് ജോലിഭാരം കൂട്ടുന്നു... ഈ വീഡിയോയിൽ നിങ്ങൾ കാൽ ഇഞ്ച് സീമിങ്ങ് ഫുട്ട് ഉപയോഗിക്കുന്നത് എങ്ങനെ എന്ന് പഠിക്കും... ഈ ഫുട്ട് നിങ്ങളെ കാൽ ഇഞ്ച് സീം മനോഹരമായി തയ്ക്കുന്നതിന് സഹായിക്കും... ഈവൻ സീമുകൾ തയ്ക്കുന്നതിന് സഹായിക്കുന്നതിനാൽ ഈ ഫുട്ട് പാച്ച് വർക്കുകൾ ചെയ്യുന്നവർക്കിടയിൽ പ്രശസ്തമാണ്...

ഈ അദ്ധ്യായത്തിനായി നിങ്ങൾക്ക് ആവശ്യമായത്, ഉഷാ ജെനോമീ കാൽ ഇഞ്ച സീം ഫുട്ട്, എട്ട് എട്ട് ഇഞ്ച് വലിപ്പമെങ്കിലും ഉള്ള ഒരു ചതുരത്തുണിക്കഷണം, നൂല്, കത്രിക എന്നിവയാണ്... ഈ സീം ഫുട്ടിനെ സവിശേഷമാക്കുന്നത് ഇവിടെ കാണുന്ന ഈ ഗൈഡിങ്ങ് പ്ലേറ്റ് ആണ്... അത് കാൽ ഇഞ്ച് സീം ആണ് നിങ്ങൾ തയ്ക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നു... കൂടാതെ എതിർഭാഗത്ത് കാണുന്ന ഈ രണ്ട് രേഖകൾ നിങ്ങളെ പിവട്ടിങ്ങിന്റെ സമയത്ത് സഹായിക്കും...

നമുക്ക് ആരംഭിക്കുന്നതിനായി നോർമ്മൽ പ്രസ്സർ ഫുട്ട് മാറ്റി കാൽ ഇഞ്ച് സീം ഫുട്ട് സ്നാപ്പ് ചെയ്ത് ഘടിപ്പിക്കാം... തുണി ഗൈഡിങ്ങ് പ്ലേറ്റുമായി ചേർന്ന് ഇരിക്കത്തക്ക വിധത്തിൽ തുണി ഫുട്ടിന്റെ അടിയിൽ വയ്ക്കുക... ഫുട്ട് താഴ്ത്തുക... മെഷീൻ സെറ്റ് ചെയ്യുക – അതിനായി പാറ്റേൺ സെലക്ടർ ഡയൽ ഏയിലും സ്റ്റിച്ച് ലെങ്ത് രണ്ടിനും മൂന്നിനും ഇടയിലായും സെറ്റ് ചെയ്യുക...



ഫൂട്ടിന്റെ താഴത്തെ രേഖ വരെ നേർ¬രേഖയിൽ തയ്ക്കാൻ തുടങ്ങുക... അത് പിവട്ടിങ്ങിനെ ഗൈഡ് ചെയ്യും, തയ്യൽ തുണിയുടെ അരികുമായി ഇതുപോലെ ചേർന്നിരിക്കണം...

ഈ കൃത്യമായ മൂല ലഭിക്കുന്നതിനായി ഇനിയുള്ള നിർദ്ദേശങ്ങൾ പാലിക്കുക... സൂചി താഴ്ത്തുന്നതിനായി ഫ്ലൈ വീൽ നിങ്ങളുടെ നേരെ തിരിക്കുക, എന്നിട്ട് തുണി തൊണ്ണൂറ് ഡിഗ്രി തിരിക്കുക... നിങ്ങൾ ഇപ്പോൾ തയ്ച്ച തുന്നൽ ഫൂട്ടിന്റെ മുകളിലെ രേഖയുമായി ചേരുന്നുവെന്ന് ഉറപ്പ് വരുത്തുക...  കൂടാതെ നിങ്ങൾ തുണി കറുത്ത ഗൈഡിങ്ങ് പ്ലേറ്റുമായി ഇതുപോലെ ചേർന്നിരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക...





വീണ്ടും തയ്ച്ച് തുടങ്ങുക... നിങ്ങൾ ഇതേ കാര്യം തന്നെ എല്ലാ മൂലകളിലും, അവസാന മൂലയിൽ തുന്നൽ എത്തുന്നതുവരെ ആവർത്തിക്കുക...



എല്ലാ വശങ്ങളും തയ്ച്ചതിനു ശേഷം നൂല് മുറിക്കുക... തുണി വേർപെടുത്തുക... ഇനി ആ ഈവൻ സ്റ്റിച്ചിങ്ങ് കണ്ട് ആനന്ദിച്ചോളൂ... ഈ ¼ സീം ഫൂട്ട് ഉപയോഗിച്ച് അതിവേഗത്തിൽ നിങ്ങളുടെ ഉത്പന്നങ്ങൾക്ക് പ്രൊഫഷണൽ ഫിനിഷും വൃത്തിയും വരുത്താം...



അതായത് നിങ്ങൾക്ക് നിങ്ങൾ ആഗ്രഹിക്കുന്ന വേഗതയിലും എളുപ്പത്തിലും നിങ്ങളുടെ ഉത്പന്നം മനോഹരമാക്കാം...  അത്ഭുതം തന്നെ അല്ലേ?